(Pages : 4) **M – 2141**

**Reg. No. : .............................**

**Name : ..................................**

**Second Semester B.A./B.Sc. Degree Examination, December 2021**

**First Degree Programme under CBCSS**

**Language Course V – Additional Language – Malayalam**

**ML 1211.1 : ഗദ്യസാഹിത്യം**

**(2020 Admission - Regular)**

Time : 3 Hours Max. Marks : 80

I. ഒറ്റ വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. കാഥികന്റെ പണിപ്പുര എന്ന കൃതി ആരുടേതാണ്?

2. പുതിയ ലോകത്തിൽ ഒരു സുഖമേ പുതിയതായുള്ളു എന്നും അത് വേഗതയാണെന്നും പറഞ്ഞതാരാണ്?

3. 'പെനാൽറ്റി കാക്കുന്ന ഗോളിയുടെ ഉദ്വേഗം' എന്ന നോവൽ എഴുതിയതാര്?

4. 'തത്ത പറന്നിട്ട് പിന്നെ കൂടടച്ചിട്ടെന്താകാര്യം' - ആരുടെ വാക്കുകൾ?

5. ചോലമരങ്ങൾ ആരുടെ കഥയാണ്?

6. വെള്ളായിയപ്പൻ ഏതു കഥയിലെ കഥാപാത്രമാണ്?

7. വെളുത്ത ചീനമുളക് എന്ന വിളിപ്പേരുള്ള കഥാപാത്രം ഏത് നോവലിലേതാണ്?

8. കാരൂരിന്റെ കഥകളെ മന്ദസ്മിതപ്രസ്ഥാനം എന്ന് വിശേഷിപ്പിച്ചതാര്?

P.T.O.

9. കെ. സുകുമാരന്റെ കഥകളെ മഹിളാളി മഹാസ്പദം എന്ന് വിശേഷിപ്പിച്ചതാരാണ്?

10. നിദ്രാടനം നടത്തുന്നവർ (The Sleep Walkers) എന്ന നോവലിന്റെ രചയിതാവ്?

**(10 × 1 = 10 Marks)**

II. **ഒരു** ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റി മുറുകി എന്ന് പറഞ്ഞിരിക്കുന്നതെന്തുകൊണ്ട്?

12. എന്താണ് കാല്പനികത?

13. 'നന്മയെ തടയുന്ന നാഗരികതയുടെ കാലത്ത് നന്ദികെട്ട ആളുകൾക്കിടയിൽ ആ വൃദ്ധനേത്രങ്ങൾ കവിഞ്ഞൊഴുകി' - ആരുടെ? എന്തുകൊണ്ട്?

14. 50 കളിൽ നെയ്ത്തിനെ പ്രോത്സാഹിപ്പിക്കാൻ രാജാജി പറഞ്ഞുകൊണ്ടിരുന്ന കഥയ്ക്ക് പുതിയ കാലത്ത് സംഭവിച്ച പരിണാമം എന്ത്?

15. ഗീവർഗീസ് അച്ചന്റെ ഫുട്ബോൾ ഓർമ്മകൾ എന്തെല്ലാമാണ്?

16. നൗഷാദിനെ കുറിച്ചുള്ള ഡോ. പി.വി. ഗംഗാധരന്റെ ഓർമ്മകൾ എന്തെല്ലാം?

17. 'ആ ഓർമ്മയിൽത്തന്നെ അയാൾക്ക് യശോദയുടെ കോപവും താപവും വാത്സല്യവും മനസ്സിൽ നിറഞ്ഞു.' - ഏത് ഓർമ്മയിൽ? എന്തുകൊണ്ട്?

18. 'വെള്ളയടിച്ചിട്ടും പോകാത്ത ചില കരിംചുവപ്പെഴുന്ന കറകൾ ചുമരിൽ നിന്നും മിഴിച്ചു നോക്കുന്നത് ആ ദമ്പതികൾ കണ്ടില്ല.' - സന്ദർഭമെന്ത്?

19. ഫലിതം അതിന്റെ ഏറ്റവും ലാളിത്യത്തിൽ പ്രത്യക്ഷപ്പെടുന്നത് നമ്പ്യാരിലാണെന്ന് കെ.പി. അപ്പൻ സമർത്ഥിക്കുന്നതെങ്ങനെ?

20. 'ഇടി വെട്ടിയതിൽപ്പിന്നെ മഴ പെയ്യുന്നതു സാധാരണയാണെന്ന് പണ്ടൊരു പണ്ഡിതൻ പറഞ്ഞതാണ് അപ്പോൾ എനിക്കോർമ്മ വന്നത്.' സന്ദർഭം വ്യക്തമാക്കുക.

21. 'ഭാഷാപരീക്ഷകൾ കഴിഞ്ഞപ്പോഴാണ് ചോദ്യപേപ്പർ ചോർന്ന് കമലയുടെ പരീക്ഷ നിലച്ചത്.' തല്പം എന്ന കഥയിൽ ഈ പ്രസ്താവനയുടെ സാംഗത്യം എന്താണ്?

22. 'ശാശ്വതവും ദിവ്യവുമായ പ്രേമത്തിന് നശ്വരമായ ശരീരത്തിന്റെയും ലൗകികമായ വിവാഹത്തിന്റെയും ആവശ്യമെന്താണ്?' - വിവക്ഷിതമെന്ത്?

23. മലയാളിയുടെ മലയാളം ഇംഗ്ലീഷിനു വഴിമാറിയതിന് ഇ.എം.എസ്. നിരത്തുന്ന ഉദാഹരണങ്ങൾ എന്തെല്ലാം?

24. 'കൊച്ചും കൂടി തക്കരിക്കാൻ പറ മര്വേനെ. പിന്നീം പിന്നീം വെലക്ക്വല്ലേര്ന്ന്. ചോറ് വേണ്ട, വാർത്തവെള്ളത്തിലിടാൻ ഒരു പിടി വറ്റെങ്കിലും വെയ്ക്കണ്ടെ?' - ഈ വരികളിൽ തെളിയുന്ന ഭാവം എന്താണ്?

25. അഹമ്മതുണ്ണി എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

26. ചെറുകഥാകൃത്തിന്റെ സാമൂഹ്യപ്രതിബദ്ധതയെപ്പറ്റി നിങ്ങളുടെ അഭിപ്രായം എന്താണ്?

**(8 × 2 = 16 Marks)**

III. **നൂറ്റിയിരുപത്** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

27. ഉത്തരാധുനികത ചെറുകഥയിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമാണ്?

28. 'സ്ത്രീപുരുഷബന്ധത്തെ യുക്തിബദ്ധമായി അപഗ്രഥിക്കുന്ന ഒരു കഥയാണ് പെൺബുദ്ധി.' - ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

29. 'പത്തൊമ്പതാം ശതകം കാല്പനികതക്ക് വിത്തുപാകാൻ പറ്റിയ നിലമായിരുന്നു.' സമർത്ഥിക്കുക.

30. ലൂസിയെ അവൾ നിന്നിരുന്ന വീടിന്റെ മുന്നിൽ ഇറക്കിവിട്ട് സ്വന്തം മുറിയിലേക്ക് ശാന്തനായി, യാതൊരു ഗൃഹാതുരത്വവും കൂടാതെ മടങ്ങുന്ന ഗീവർഗീസ് അച്ചൻ ആരുടെ പ്രതിനിധാനമാണ്? വിശദീകരിക്കുക.

31. 'ഫ്യൂഡലിസത്തിന്റെ തകർച്ചയാണ് കർക്കിടകം എന്ന കഥയുടെ കേന്ദ്രബിന്ദു.' - സമർത്ഥിക്കുക.

32. ഉമ്മാച്ചു എന്ന കഥാപാത്രത്തിന്റെ സ്വഭാവത്തെ നിരൂപണദൃഷ്ട്യാ വിലയിരുത്തുക.

33. കൃഷ്ണനേയും കൃഷ്ണയേയും താദാത്മ്യപ്പെടുത്തിക്കൊണ്ട് കൃഷ്ണഗാഥ എന്ന കഥ മുന്നോട്ടു പോകുന്നതിലെ സാംഗത്യം എന്ത്?

34. എഴുത്തുകാരൻ ഫലിതത്തിൽ നിന്ന് മൗനത്തിലേക്ക് നീങ്ങുന്നത് എപ്പോഴാണെന്നാണ് കെ.പി. അപ്പൻ സ്ഥാപിക്കുന്നത്?

35. കടൽത്തീരത്ത് എന്ന കഥയുടെ ആഖ്യാനത്തിലെ പ്രത്യേകതകൾ എന്തെല്ലാം?

36. കമല, കൊറിന അലാമില്ലൊ എന്നീ പെൺകുട്ടികൾ ഏതു തലത്തിലാണ് ഒന്നിക്കുന്നത്?

37. 'വാർത്തകൾ എത്തിക്കുകയാണ് മാധ്യമങ്ങളുടെ ലക്ഷ്യമെങ്കിലും ഇന്ന് അവയുടെ ഫലം ഇച്ഛകൾ ഉല്പാദിപ്പിക്കുകയാണ്.' - വിശദീകരിക്കുക.

38. പുരോഗമനസാഹിത്യത്തിന്റെ കാലത്തെ നോവലുകളുടെ പ്രത്യേകതകൾ എന്തെല്ലാം?

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

39. സമകാലിക മലയാള നോവലിൽ ആഖ്യാനത്തിലും പ്രമേയത്തിലും കൈവന്ന പുതുമകൾ എന്തെല്ലാമെന്ന് വിശദമാക്കുക.

40. 'ഉതുപ്പാന്റെ കിണർ' എന്ന കഥയുടെ സമകാലിക പ്രസക്തിയെന്താണെന്ന് പരിശോധിക്കുക.

41. ഇൻസാറ്റുകൾ വർഷിക്കുന്ന ജ്ഞാനസൗന്ദര്യസ്വരൂപങ്ങൾ ലോകജനതയുടെ പൊതുവായ ഭക്ഷണമായിത്തീർന്നുകൊണ്ടിരിക്കുന്നു എന്ന് പ്രൊഫ. എം.എൻ. വിജയൻ സ്ഥാപിക്കുന്നതെങ്ങനെ?

42. ആഖ്യാനത്തിന്റെയും പ്രമേയത്തിന്റെയും തലത്തിൽ മലയാള ചെറുകഥയിൽ സംഭവിച്ച രൂപപരിണാമങ്ങളെന്തെല്ലാമെന്ന് വിശദമാക്കുക.

43. ഉമ്മാച്ചു എന്ന നോവൽ കൈകാര്യം ചെയ്യുന്ന വിഷയങ്ങളും പ്രശ്നങ്ങളും വർത്തമാനകാല പരിസരത്തിൽ നിന്നു ചർച്ച ചെയ്യുക.

44. പെൺബുദ്ധി എന്ന കഥയിൽ നിന്ന് പുതിയ കാലത്തെത്തുമ്പോൾ സ്ത്രീകളെ പ്രമേയമാക്കുന്ന കഥയ്ക്ക് സംഭവിച്ച പരിണാമങ്ങളെന്തെല്ലാമാണെന്ന് കണ്ടെത്തുക.

**(2 × 15 = 30 Marks)**

---